## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5873 — 07.07.2014- ലെ മറുപടിക്ക്

### വികസന മേഖലയിൽ സ്വകാര്യപങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. വർക്കല കഹാർ: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രണ ബോർഡ് എന്തെല്ലാം കർമ്മ പരിപാടി കളാണ് ആസൂത്രണം ചെയ്തിരിക്കുന്ന തെന്ന് വിശദമാക്കുമോ; | (എ) & (ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഞ്ചാമത് ബോർഡ് യോഗ തീരുമാന പ്രകാരം സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അനുയോജ്യ മായ ഒരു നിയമനിർമ്മാണം നടത്തുന്ന തിനുള്ള നടപടി പുരോഗമിച്ചു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, പ്രോജക്ട് ഫിനാൻസിംഗ് സെൽ ഒരു കരട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ബില്ലിനും കരട് പി.പി.പി. നയത്തിനും രൂപം നൽകിയത് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കരട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇതിനായി പി.പി.പി. ആക്റ്റിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | |

(സി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദ മാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

(സി)
(ഡി) കരട്, പി.പി.പി. പോളിസിയിൽ കാർഷിക മേഖല, ലഘു ധാതുവികസനം, കുടിവെള്ള വും വ്യാവസായികാവശ്യത്തിനുള്ള ജലവും, വിദ്യാഭ്യാസവും അനുബന്ധ സൗകര്യ ങ്ങളും, മത്സ്യബന്ധനവും അനുബന്ധ സൗകര്യങ്ങളും, വാതക വിതരണവും അനുബന്ധ ജോലികളും, ആരോഗ്യമേഖല, ഭവന നിർമ്മാണം, വ്യാവസായിക പാർക്കു കളും പ്രത്യേക സാമ്പത്തിക മേഖലയും (SEZ), വിവരസാങ്കേതിക പ്രോജക്ടുകൾ, ഉൾനാടൻ ജലപാതകൾ, ജലസേചനം, ഭൂമി പുനരുദ്ധാരണ പ്രോജകടുകൾ, തുറമുഖ ങ്ങൾ, പവർ സിസ്റ്റംസ് റോഡുകളും പാലങ്ങളും, ഖരമാലിന്യ സംസ്കരണം, സ്പോർട്സ് & റിക്രിയേഷൻ അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം & ഹോസ്പിറ്റാലിറ്റി പ്രോജക്ടുകൾ, നഗര ഗതാഗതം, അഴുക്കു ചാൽ നിർമ്മാണം എന്നീ മേഖലകളിൽ പൊതു സ്വകാര്യ പങ്കാളിത്ത സാധ്യത ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ 'കുടിവെള്ളം'',''അഴുക്കുചാൽ നിർമ്മാണം'' എന്നീ മേഖലകളെ ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.